നം.റ്റി2/76016/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 14/7/2017.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - 2017-2018 വർഷം സംസ്ഥാനത്തെ സ്കൂളുകളിലേയ്ക്ക് വാങ്ങുന്നതിനു വേണ്ടി തെരഞ്ഞെടുത്ത പുസ്തകങ്ങളുടെ ലിസ്റ്റിൽ നിന്നും പുസ്തകങ്ങൾ വാങ്ങുന്നതിനും, ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന:-
1. സർക്കാർ ഉത്തരവ് (സാ.ധാ.) നമ്പർ 1903/2017/പൊ.വി. തീയതി 16/6/2017.
2. നമ്പർ 201/എം2/2017/പൊ.വി. വകുപ്പ് പരിപത്രം തീയതി 26/4/2017.
3. 18/4/2017 , 3/5/2017 എന്നീ തീയതികളിലെ ഈ ആഫീസിലെ ഇതേ നമ്പർ സർക്കുലറുകൾ.

****

സൂചനയിലെ സർക്കുലർ പ്രകാരം, സ്കൂളുകളിലെ ലൈബ്രറികളിലേക്ക് വാങ്ങേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. അതോടൊപ്പം പുസ്തകങ്ങൾ വാങ്ങുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങളും നൽകിയിരുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പഠന നിലവാരം ഉയർത്തുന്നതിന് അനുവർത്തിക്കേണ്ടതായ മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്ക്കർഷിച്ചുകൊണ്ട് പൊതു വിദ്യാഭ്യാസ വകുപ്പ് സൂചന (1), (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി നൽകുന്നു.

കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനും അവരിൽ വിജ്ഞാനം വികസിപ്പിക്കുന്നതിനും സഹായകമായ വിധത്തിൽ എല്ലാ സ്കൂളുകളിലും ലൈബ്രറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് വിനിയോഗിയ്ക്കാവുന്ന ഫണ്ട് പൂർണമായും ഉപയോഗിച്ച് 2017 ഓഗസ്റ്റ് 31 നു മുമ്പായി എല്ലാ വിദ്യാലയങ്ങളിലും വിദഗ്ധ സമിതി തെരെഞ്ഞെടുത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങൾ വാങ്ങേണ്ടതാണ്. കേരള സർക്കാരിന്റെ കീഴിലുള്ള ബുക്ക് മാർക്ക് എന്ന സ്ഥാപനത്തെ സ്കൂളുകൾക്കാവശ്യമായ പുസ്തകങ്ങൾ പ്രസാധക ശാലകളുമായി ബന്ധപ്പെട്ട് സ്വരൂപിച്ച് നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. പുസ്തകങ്ങൾ വാങ്ങുമ്പോൾ നാഷണൽ ബുക്ക് ട്രസ്റ്റ്, സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേന്ദ്ര-കേരള സാഹിത്യ അക്കാദമികൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്. വൈജ്ഞാനിക വിഷയങ്ങളിലെ പുസ്തകങ്ങളേക്കാൾ സർഗ്ഗാത്മക സാഹിത്യ രചനകൾക്കാണ് മുൻതൂക്കം നൽകേണ്ടത്. പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങളിൽ സ്കൂൾ ലൈബ്രറികൾക്ക് പകരം ക്ലാസ് ലൈബ്രറികൾ ഒരുക്കുന്നതിനും നടപടി

സ്വീകരിക്കേണ്ടതാണ്. എല്ലാ ക്ലാസ് മുറിയിലും കുട്ടികളുടെ എണ്ണം അനുസരിച്ച് ഏകദേശം 40-50 പുസ്തകങ്ങളും അവ സൂക്ഷിക്കുന്നതിനുള്ള ക്രമീകരണവും ഉണ്ടാകണം. ക്ലാസ് ലൈബ്രറിയിൽ പുസ്തകങ്ങൾക്കൊപ്പം കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന തളിര്, പൊതു വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിക്കുന്ന 'വിദ്യാരംഗം' തുടങ്ങിയ ആനുകാലികങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

സ്കൂൾ അസംബ്ലിയിൽ ലൈബ്രറിയിൽ നിന്നെടുത്ത് കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ ആസ്വാദന കുറിപ്പ് അവതരിപ്പിയ്ക്കാവുന്നതാണ്. വായന പ്രോത്സാഹിപ്പിയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ലൈബ്രറി കേന്ദ്രീകരിച്ച് നടപ്പിലാക്കണം. സർക്കാർ സ്കൂളുകളിൽ പിന്തുണാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള സമിതി ലൈബ്രറി പുസ്തകങ്ങളുടെ ലഭ്യത, ക്രമീകരണം, വിതരണം, പ്രയോജനപ്പെടുത്തൽ എന്നീ കാര്യങ്ങൾ പ്രത്യേക നിരീക്ഷണത്തിന് വിധേയമാക്കേണ്ടതാണ്. ഓരോ സ്കൂളും ആവശ്യമുള്ള പുസ്തകങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആഗസ്റ്റ് 31 നകം വാങ്ങി സ്കൂളുകളിലെ ലൈബ്രറികളിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സത്വര നടപടി അടിയന്തിരമായി സ്വീകരിയ്ക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ തലത്തിൽ വിലയിരുത്തേണ്ടതും 2017 സെപ്തംബർ 15 നു മുമ്പായി വിദ്യാഭ്യാസ ഉപഡയറക്ടർമാർ അതാത് ജില്ലയിലെ സ്കൂൾ ലൈബ്രറി സംവിധാനവും സ്വീകരിച്ച നടപടികളും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

**പകർപ്പ്**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. സ്റ്റോക്ക് ഫയൽ.

എസ്.ആർ.